## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 5530** — **01.07.2019-ൽ മറുപടിയ്ക്ക്**

### കാട്ടാക്കട സഹകരണ പാരലൽ കോളേജ്

**ചോദ്യം**

**ശ്രീ.ഐ.ബി. സതീഷ്**

**മറുപടി**

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
(ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) കാട്ടാക്കട പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന സഹകരണ പാരലൽ കോളേജിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(എ) കാട്ടാക്കട എഡ്യൂക്കേഷണൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി വർഷങ്ങളായി പ്രവർത്തനരഹിതമാണ്. ടി സംഘത്തിന്റെ പേരിലുള്ള 7.80 ആർ വസ്തുവും കെട്ടിടങ്ങളും തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ പണയപ്പെടുത്തി സംഘത്തിൽ മുമ്പ് നിലവിലുണ്ടായിരുന്ന ഭരണസമിതി വായ്പ എടുത്തിരുന്നത് കുടിശ്ശിക വരുത്തുകയും ജീവനക്കാരുടെ ഇ.പി.എഫ് വിഹിതം അടയ്ക്കാതെ കുടിശ്ശിക വരുത്തിയത് അടയ്ക്കാനുള്ള നിർദ്ദേശത്തെ തുടർന്ന് ആയത് സഹകരണ ബാങ്ക് അടച്ച തുക ഉൾപ്പെടെയുള്ള തുക സംഘത്തിന്റെ വസ്തു ജപ്തി ചെയ്ത് ഈടാക്കുന്നതിന് ഉത്തരവായിട്ടുള്ളതും അപ്രകാരം തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിന്റെ സ്പെഷ്യൽ സെയിൽ ആഫീസർ ജാമ്യ വസ്തുവിൽ കണ്ടീഷണൽ അറ്റാച്ച്മെന്റ് നടത്തിയിട്ടുള്ളതുമാണ്. 02.07.2018-ന് ജാമ്യവസ്തു ലേലം ചെയ്ത് വിൽക്കുന്നതിന് ബാങ്കിന്റെ സ്പെഷ്യൽ സെയിൽ ആഫീസർ പത്രപരസ്യം ചെയ്തിരുന്നു. സംഘത്തിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിച്ച് ബൈലാ പ്രകാരമുള്ള പ്രവർത്തനം നടത്തുന്നതിനും ജില്ലാ സഹകരണ ബാങ്കിലെ വായ്പാ കുടിശ്ശിക തീർക്കുന്നതിനും സംഘത്തിൽ മൂന്നംഗ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിക്കുകയും, ടി കമ്മിറ്റി 20.06.2018-ന് ചാർജ്ജെടുക്കുകയും ചെയ്തിരുന്നു. ടി സംഘം

ജില്ലാ സഹകരണ ബാങ്കിന് വരുത്തിയിട്ടുള്ള 1713400/- രൂപയും ബാങ്ക് ഇ.പി.എഫിൽ അടച്ചിട്ടുള്ള 1752311/- രൂപയും ചേർത്ത് 3465711/- രൂപയും 30.05.2007 മുതൽ ആയതിന് 10% സാധാരണ പലിശയും ഈടാക്കിയെടുക്കുന്നതിന് ഉത്തരവായിട്ടുള്ളതാണ്. ടി വർദ്ധിച്ച സാമ്പത്തിക ബാദ്ധ്യത ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിന് സംഘത്തിൽ നിലവിലുള്ള അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയ്ക്കും സാധിക്കുന്നില്ല. ടി ജാമ്യ വസ്തു 14.08.2019-ൽ ലേലം ചെയ്ത് വിൽക്കുന്നതിന് 8193523/- രൂപയും ചെലവുകളും ഈടാക്കുന്നതിന് നോട്ടീസ് വന്നിട്ടുള്ളതായും അറിയിക്കുന്നു.

(ബി) പ്രസ്തുത സ്ഥാപനത്തിന് സ്വന്തമായുള്ള ഭൂമിയുടെ വിവരം ലഭ്യമാക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ കുന്നത്തുകാൽ വില്ലേജിൽ സർവ്വേ നമ്പർ 206/6-ൽ ബ്ലോക്ക് നമ്പർ 8-ൽ ഉൾപ്പെടുന്ന 7.8 ആർ വസ്തുവാണ് ടി സംഘത്തിന്റെ പേരിലുള്ളത്.

(സി) പ്രസ്തുത ഭൂമിയിൽ എന്തെങ്കിലും ബാധ്യതകൾ നിലവിലുണ്ടോ, വ്യക്തമാക്കുമോ;

(സി) ടി വസ്തുവും കെട്ടിടങ്ങളും തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിന് പണയപ്പെടുത്തി സംഘത്തിലെ മുൻ ഭരണസമിതി വായ്പ എടുത്തിട്ടുണ്ട്. MTOL 02/01-02 നമ്പരായി എടുത്തിട്ടുള്ള വായ്പ അടയ്ക്കാതെ കുടിശ്ശിക വരുത്തിയിട്ടുള്ള 1713400/- രൂപയും ഇ.പി.എഫിൽ അടച്ചിട്ടുള്ള 1752311/- രൂപയും ചേർത്ത് 3465711/- രൂപയും ആയതിന് 30.05.2007 മുതൽ 10% പലിശയും ഈടാക്കി എടുക്കുന്നതിന് അവാർഡ് ആയിട്ടുള്ളതാണ്. അപ്രകാരം വസ്തു ലേലം ചെയ്ത് വിൽക്കുന്നതിന് ജില്ലാ സഹകരണ ബാങ്കിലെ സെയിൽ ആഫീസർ നോട്ടീസ് നൽകിയിട്ടുണ്ട്. ഏറ്റവും ഒടുവിലായി 14.06.2019 മുതൽ 15 ദിവസത്തിനകം ബാങ്കിന് നാളിതുവരെ അടയ്ക്കാനുള്ള 8193523/- രൂപയും ചെലവുകളും അടച്ച് തീർത്തില്ലെങ്കിൽ വസ്തു ലേലം ചെയ്ത് തുക ഈടാക്കുന്നതാണെന്ന് നോട്ടീസും നൽകിയിട്ടുണ്ട്.

(ഡി) സഹകരണ രംഗത്തെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ പ്രസ്തുത

(ഡി) തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിന് ബാധ്യതപ്പെടുത്തിയിട്ടുള്ള വസ്തുവും

| | |
|---|---|
| കെട്ടിടത്തിൽ മാറ്റി സ്ഥാപിക്കാൻ കഴിയുമോ, വ്യക്തമാക്കുമോ? | കെട്ടിടങ്ങളും ടി ബാങ്ക് ജപ്തി ചെയ്തിട്ടുള്ളതും ലേലം ചെയ്ത് വിൽക്കുന്നതിന് നോട്ടീസ് പല പ്രാവശ്യവും നൽകിയിട്ടുള്ളതാകയാൽ ടി വസ്തുവിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളിലേയ്ക്ക് ആഫീസുകൾ മാറ്റി പ്രവർത്തിക്കുന്നതിന് സാധിക്കാത്ത സ്ഥിതിയാണ് നിലവിലുള്ളത്. |

**സെക്ഷൻ ഓഫീസർ**